(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിന് അവശ്യം വേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) പി.എച്ച്.ഡി., എം. ഫിൽ., സെറ്റ്, ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് എന്നിവ പാസ്സായ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പ്രിൻസിപ്പൽ നിയമനത്തിന് മുൻഗണന നൽകുമോ;

(സി) 2001-2002-ൽ സെറ്റ് പാസ്സായ അദ്ധ്യാപകരിൽ പലരും റിട്ടയർമെന്റ് പ്രായത്തിനടുത്ത് ആയതിനാൽ അവരെക്കൂടി ഉൾപ്പെടുത്തി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിന് അവശ്യം വേണ്ട യോഗ്യതകൾ ചുവടെ ചേർക്കുന്നു:

(1) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും അമ്പതു ശതമാനത്തിൽ കുറയാത്ത മാർക്കോടെ നേടിയ മിനിമം ബിരുദാനന്തരബിരുദം അഥവാ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച പ്രസ്തുത യോഗ്യത.

(2) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും നേടിയ ബി.എഡ്. മിനിമം ബിരുദം അഥവാ തത്തുല്യ യോഗ്യത.

(3) പത്തുവർഷത്തെയെങ്കിലും അംഗീകൃത അദ്ധ്യാപന പരിചയം (ഹയർ സെക്കണ്ടറി വിഭാഗത്തിൽ അദ്ധ്യാപന പരിചയം ഉള്ളവർക്ക് അതിന്റെയടിസ്ഥാനത്തിൽ മുൻഗണന ലഭിക്കുന്നതാണ്).

(ബി) ഇത്തരത്തിൽ മുൻഗണന നൽകാൻ സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥയില്ല.

(സി) സ്പെഷ്യൽ റൂൾസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പ്രകാരം നിയമിക്കപ്പെട്ടു കഴിഞ്ഞ ഹയർ സെക്കണ്ടറി അദ്ധ്യാപകരെ മാത്രമാണ് യോഗ്യരായ ഹെഡ്മാസ്റ്റർമാർക്ക് പുറമേ പ്രിൻസിപ്പൽ നിയമനത്തിന് പരിഗണിക്കാൻ കഴിയുന്നത്. ആയതിനാൽ 2001-2002-ൽ സെറ്റ് പാസ്സായ ഹൈസ്കൂൾ അദ്ധ്യാപകരെ പരിഗണിക്കാൻ നിർവ്വാഹമില്ല.

ജൂനിയർ ലക്ചറർമാർക്ക് ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാരായി നിയമനം

126 [5107] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ സ്റ്റീഫൻ ജോർജ്ജ്:
„ തോമസ് ഉണ്ണിയാടൻ:
„ മാണി മത്തായി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പത്തനംതിട്ട കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ജൂനിയർ ലക്ചറർ ആയി ജോലി ചെയ്യുന്ന നാൻസി വർഗ്ഗീസിൽ നിന്നും ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതി അടിസ്ഥാനപരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5108-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly

(സി) കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതുമൂലം ജൂനിയർ ലക്ചറർമാർക്ക് ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാരായി നിയമനം ലഭിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള പ്രിൻസിപ്പൽ നിയമനം സംബന്ധിച്ചുള്ള ഉത്തരവുമൂലം അവസരം ലഭിക്കില്ല എന്ന വസ്തുത സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തി ഇവർക്കുകൂടി നിയമനം ലഭിക്കുന്നതിന് വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതുമൂലം അധികം വന്ന ജൂനിയർ ലക്ചറർമാരെ "വർക്ക് അറേഞ്ച്മെന്റ്"എന്ന രീതിയിലാണ് പുനർവിന്യസിച്ചിട്ടുള്ളത്. ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ളവർക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പൽ നിയമനത്തിന് അർഹതയില്ല.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനം

127 [5109] ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങൾക്ക് നിയമിക്കപ്പെടുന്നതിലേക്കായി ഹൈസ്കൂൾ/പ്രൈമറി വിഭാഗത്തിൽ നിന്നും പ്രൊമോഷന് അർഹരായവരുടെ ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നൽകി നിയമിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. 12-5-2003-ന് നിലവിൽ വന്ന പ്രസ്തുത ലിസ്റ്റിൽ 20-9-2001-ന് മുമ്പ് നിശ്ചിത യോഗ്യത നേടിയവർ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. പ്രസ്തുത ലിസ്റ്റിൽ നിന്നും ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിൽ പൂർണ്ണമായും നിയമനം നടത്തിയിട്ടുണ്ട്. 20-9-2001-ന് ശേഷം യോഗ്യത നേടിയ അദ്ധ്യാപകരെക്കൂടി ഉൾപ്പെടുത്തി പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

സർവ്വീസിലെ സ്പെഷ്യൽ റൂൾസ്

128 [T5110]ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly